പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.573

28.03.2018 ൽ മറുപടിയ്ക്ക്

സപ്ലൈകോയുടെ നൂതന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗ്യാസ് ഏജൻസികൾ തുടങ്ങുന്നതിന് സപ്ലൈകോയ്ക്ക് പദ്ധതിയുണ്ടോ; | (എ) അനുയോജ്യമായ സ്ഥലവും ഓയിൽ കമ്പനികളിൽ നിന്ന് അനുമതിയും ലഭിക്കുന്ന മുറയ്ക്ക് പുതിയ ഗ്യാസ് ഏജൻസികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) മെട്രോ നഗരങ്ങളിൽ സൂപ്പർ മാളുകൾ തുടങ്ങുന്നതിന് സപ്ലൈകോ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) മെട്രോ നഗരങ്ങളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മിനി മാളുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. |
| (സി) സപ്ലൈകോ വഴി വിദേശ നിർമ്മിത വിദേശമദ്യം വിൽപന നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) നിലവിൽ പരിഗണനയിലില്ല. |
| (ഡി) സപ്ലൈകോയിലെ ദിവസവേതനക്കാരുടെ ശമ്പളം ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) സപ്ലൈകോയുടെ ചുമതലയിൽ എത്ര പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്; ഈ പെട്രോൾ പമ്പുകളിലെ ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) സപ്ലൈകോയുടെ കീഴിൽ നിലവിൽ 11 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ടി പമ്പുകളിലെ ദിവസവേതന ജീവനക്കാരുടെ വേതനം 13.11.17-ലെ 429/2017/ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 10.08.2017 മുതൽ 500/- രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ